# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 14 വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -294)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : 3253 മുതൽ 3334 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | : 3335 മുതൽ 3415 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : 3416 മുതൽ 3459 വരെ |
| വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി | : 3460 മുതൽ 3546 വരെ |

## ഇലക്ട്രിസിറ്റി ബോർഡ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

3253

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ ആഭിമുഖ്യത്തിൽ ഉല്പാദന മേഖലയിൽ 2011-12 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിയ്ക്കും എത്ര തുക ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) 2011-12 വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഓരോ പദ്ധതിയിൽ നിന്നും എത്ര വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കും;

(സി) ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) 2011-12 വർഷത്തിൽ എത്ര 110 കെ.വി. സബ്സ്റ്റേഷനുകൾ അപ്ഗ്രേഡ് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നുണ്ട് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ഉത്പാദന സ്രോതസ്സുകൾ</u>

3254 ശ്രീ. രമേശ് ചെന്നിത്തല
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിമാസ ആവശ്യം എത്രയെന്നും പ്രതിമാസ ഉത്പാദനം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് വൈദ്യുതി ലഭ്യമാക്കുന്നത്;

(സി) ജലവൈദ്യുതിയുടെ ഉത്പാദനത്തിനുള്ള സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ജലവൈദ്യുതി, താപവൈദ്യുതി, മറ്റ് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ എന്നിവ വഴി വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പുതിയ പദ്ധതികൾ ഏതൊക്കെയാണ് പരിഗണനയിലുള്ളത് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പ്രകൃതി വാതകം ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതി</u>

3255 ശ്രീ. തോമസ് ഉണ്ണിയാടൻ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി വാതകം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിന് എത്ര തുക ചെലവ് പ്രതിക്ഷിക്കുന്നു; ആയത് എപ്രകാരം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ഉല്പാദന ചെലവ്</u>

3256 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എത്ര രൂപയാണ് ചെലവാകുന്നത് ;

(ബി) ഉപഭോക്താക്കൾക്ക് ഒരു യൂണിറ്റ് വൈദ്യുതി എത്ര രൂപയ്ക്കാണ് നൽകുന്നത് ;

(സി) കേന്ദ്ര പൂളിൽ നിന്നും വൈദ്യുതി യൂണിറ്റിന് എത്ര രൂപാ നിരക്കിലാണ് വാങ്ങുന്നത് ;

(ഡി) സംസ്ഥാനം വൈദ്യുതി വില്ക്കുന്നുണ്ടോ ; എങ്കിൽ യൂണിറ്റിന് എത്ര രൂപയ്ക്കാണ് വില്ക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ഭൂചലനങ്ങൾ

3257 ശ്രീ. പി. സി. വിഷ്ണുനാഥ്
'' എം. എ. വാഹീദ്
'' അൻവർ സാദത്ത്
'' വി. റ്റി. ബലറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന ഭൂചലനങ്ങൾ കെ. എസ്. ഇ. ബി. വക അണക്കെട്ടുകളെയും റിസർവോയറുകളെയും എങ്ങനെ ബാധിക്കുമെന്നു പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ അണക്കെട്ടുകളിലാണ് ഭൂചലനങ്ങൾ അനുഭവപ്പെടുന്നതെന്നു വ്യക്തമാക്കുമോ;

(സി ഭൂചലന പഠനത്തിന് ഒരു ഏജൻസിയെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഭൂചലന ബാധിത അണക്കെട്ടുകളിൽ ഭൂചലനം സൂക്ഷ്മമായി വിശകലനം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

മിനി ഹൈഡൽ പ്രോജക്ടുകൾ

3258 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിനി ഹൈഡൽ പ്രോജക്ടുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രോജക്ടുകൾക്കാണ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്; ആകെ എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതികൾക്ക് ചെലവ് പ്രതീക്ഷിക്കുന്നത്;

(സി) ഏതൊക്കെ പദ്ധതികളുടെ നിർമ്മാണമാണ് ആരംഭിച്ചിട്ടുള്ളതെന്നും പദ്ധതിയുടെ പേരും നിർമ്മാണ ചെലവും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് കെ.എസ്.ഇ.ബി. നേരിട്ടാണോ പണം മുടക്കുന്നത്; അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസി വഴിയാണോ എന്ന് വ്യക്തമാക്കാമോ;

(ഇ) സർവ്വേ പൂർത്തിയാക്കിയിട്ടുള്ള മുഴുവൻ പദ്ധതികളും സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വൈദ്യുത ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി</u>

3259 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന തരത്തിൽ ഉല്പാദനം ഇപ്പോൾ നടക്കുന്നുണ്ടോ ;

(ബി) ഇടുക്കി, മൂഴിയാർ എന്നീ പ്രോജക്ടുകളിൽ പൂർണ്ണതോതിൽ ഉല്പാദനം നടക്കുന്നുണ്ടോ ;

(സി) ജലം യഥേഷ്ടം ലഭിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ കൂടുതൽ വൈദ്യുതി ഉല്പാദിപ്പിച്ച് ഉയർന്ന വിലയ്ക്ക് അന്യസംസ്ഥാനങ്ങൾക്ക് വില്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇപ്രകാരം നേടുന്ന ലാഭം ഉപയോഗപ്പെടുത്തി വൈദ്യുത ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

കേരളത്തിൽ ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതി

3260 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാനത്തിന്റെ പ്രതിദിന ഉപഭോഗത്തിന ആവശ്യമായ അളവിൽ നിന്നും എത്ര കുറവാണെന്നു വ്യക്തമാക്കാമോ;

(ബി) കുറവുള്ള വൈദ്യുതി ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് വാങ്ങുന്നത്;

(സി) കേന്ദ്രത്തിൽ നിന്ന് പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കുന്നത് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി മേഖലയിലെ സ്വയം പര്യാപ്തത</u>

3261 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം ഉൽപാദിപ്പിക്കുന്ന വൈദ്യുതി എത്രയെന്നും പ്രതിദിന വൈദ്യുതി ഉപഭോഗം എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രതിദിനം കേന്ദ്രവിഹിതമായി ലഭിച്ചിരുന്ന വൈദ്യുതിയുടെ അളവെത്രയെന്നും അതിൽ ഇപ്പോൾ കുറവു വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ എത്രയാണ് കുറവുവരുത്തിയതെന്നും വെളിപ്പെടുത്തുമോ ;

(സി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(ഡി) വൈദ്യുതി മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ വൈദ്യുതീകരണം</u>

3262 ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്
,, ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുവാൻ കഴിയുമോ; എത്ര ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുവാൻ എത്ര കാലയളവ് വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഓരോ മണ്ഡലത്തിലെയും വൈദ്യുതീകരണത്തിന്റെ തോത് എത്ര ശതമാനം വീതമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ഭൂഗർഭ വൈദ്യുതി ലൈനുകൾ</u>

3263 ശ്രീ.വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിലൈനുകൾ ഭൂഗർഭപാതയിലൂടെയാക്കുന്ന പദ്ധതി എന്ന് ആരംഭിക്കാനാകും ;

(ബി) ആയതിലേക്കുള്ള പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകും ;

(സി) പദ്ധതിക്കായി എത്ര തുക ചെലവഴിക്കേണ്ടിവരും ;

(ഡി) ഇതിനാവശ്യമായ തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

നാളേക്കിത്തിരി ഊർജ്ജം പദ്ധതി

3264 ശ്രീ. വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് നാളേക്കിത്തിരി ഊർജ്ജം പദ്ധതിപ്രകാരം എത്ര യൂണിറ്റ് വൈദ്യൂതി ലാഭിക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി പ്രസരണ വിതരണ രംഗത്തെ നഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ;

(സി) നാളേക്കിത്തിരി ഊർജ്ജം പദ്ധതി ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

വൈദ്യുതി പ്രതിസന്ധി

3265 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണത്തിൽ പെട്ടെന്നുണ്ടായ പ്രതിസന്ധിയുടെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുണ്ടാകുന്ന അടിയന്തിര പ്രതിസന്ധികൾ തരണം ചെയ്യാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് വൈദ്യുതിബോർന്ന് വിവിധ ഉല്പാദന മേഖലകളിലുടെ പ്രതിദിനം എത്രമെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; പ്രതിദിന ഉപഭോഗം എത്രയാണ്;

(ഇ) ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം ഇല്ലാതാക്കാൻ എവിടെനിന്നെല്ലാം വൈദ്യുതി വാങ്ങുന്നുണ്ട്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പ്രസരണ - വിതരണ നഷ്ടം</u>

3266 ശ്രീ. സി. ദിവാകരൻ
,, വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ശൃംഖലയുടെ പ്രസരണ - വിതരണ നഷ്ടം കുറയ്ക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച പദ്ധതി നടപ്പാക്കാൻ കേരളത്തിന് ഗ്രാന്റ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി കരാർ നൽകിയതുമായി ബന്ധപ്പെട്ട് അഴിമതിയാരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആരോപണങ്ങളാണ് ഉന്നയിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) റീ സ്ട്രക്ചേഡ് ആക്സിലേറേറ്റഡ് പവർ ഡവലപ്പ്മെന്റ് റിഫോംസ് പ്രോഗ്രാം എന്ന ഈ പദ്ധതി ഇനി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി നിയന്ത്രണം</u>

3267 ശ്രീ. എ.എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011 സെപ്തംബർ -ഒക്ടോബർ മാസങ്ങളിൽ ലോഡ് ഷെഡിംഗോ, പവർകട്ടോ പ്രാബല്യത്തിലാക്കിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ;

(ബി) എന്തുകൊണ്ടാണ് വൈദ്യുത നിയന്ത്രണം വേണ്ടി വന്നതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുത നിയന്ത്രണം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വോൾട്ടേജ് ക്ഷാമം</u>

3268 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) വൈദ്യുതിയുടെ അമിത ഉപയോഗവും, പാഴാക്കലും തടയുന്നതിന് എന്തെല്ലാംനടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇപ്പോൾ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ഗുണനിലവാരമില്ലാത്ത വൈദ്യുതോപകരണങ്ങൾ</u>

3269 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയിൽ 11 കെ.വി. ലൈനിൽ സ്ഥാപിക്കുന്ന എ.ബി.സ്വിച്ച്, ട്രാൻസ്ഫോർമർ, അനുബന്ധ ഫ്യൂസ് യൂണിറ്റുകൾ എന്നിവയുടെ ഗുണനിലവാരമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് ഉദ്ദേശിക്കുന്നത്;

(ബി) വൈദ്യുതി ഓഫീസുകളിൽ 'വർക്കർമാർ' ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) ഫീൽഡ് ജീവനക്കാർക്ക് മാത്രമായി വാഹനസൗകര്യവും എർത്ത് റാഡ് ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങളും ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>സോളാർ എനർജി പാനൽ</u>

3270 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ എനർജി പാനൽ ഉപയോഗിച്ച് ഗാർഹിക വൈദ്യുതി ഉപയോഗം കുറയ്ക്കാനാകുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇത്തരം ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജിൽ റിബേറ്റ് നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) റിബേറ്റ് നൽകാൻ കഴിഞ്ഞാൽ വൈദ്യുതി ഉൽപാദന മേഖലയിൽ നേട്ടം ഉണ്ടാക്കാൻ കഴിയുമെന്നത് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കാറ്റിൽ നിന്നും വൈദ്യുതി</u>

3271 ശ്രീ. ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി എൻ.റ്റി.പി.സി. യുമായി ഉണ്ടാക്കിയ കരാറുമൂലം എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ കഴിയുക എന്നു വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് വിന്റ് മിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

വൈദ്യുതി ബോർഡിന് ലഭിക്കുവാനുള്ള കുടിശ്ശിക

3272 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഇതുവരെയുള്ള നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) വൈദ്യുതി വിഛേദിക്കുവാൻ പാടില്ലെന്ന് കോടതി ഉത്തരവ് ലഭിച്ച കുടിശ്ശിക തുക എത്രയെന്നും തവണ വ്യവസ്ഥയിൽ പരിച്ചെടുക്കുന്ന കുടിശ്ശിക എത്രയെന്നും വിശദമാക്കാമോ ;

(സി) വിവിധ സർക്കാർ സ്ഥാപനങ്ങൾ ബോർഡിന് നൽകേണ്ട കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബിൽ കുടിശ്ശിക ആയതിന്റെ പേരിൽ ഏതെങ്കിലും സർക്കാർ സ്ഥാപനത്തിന്റെ വൈദ്യുതി വിഛേദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഇ) വൈദ്യുതിബിൽ കുടിശ്ശിക ആയതിന്റെ പേരിൽ വൈദ്യുതി ബന്ധം വിഛേദിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആവശ്യസർവ്വീസുകളായ ജലവിതരണം, ആരോഗ്യ വകുപ്പ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക തുക വൈദ്യുതി ബോർഡിന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>സുരക്ഷാ സംവിധാനം</u>

3273 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' റ്റി. എൻ. പ്രതാപൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ സുരക്ഷാ സംവിധാനം കർശനമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ബോർഡിലെ എല്ലാ മേഖലയിലും സുരക്ഷാ നിർവ്വഹണ സംവിധാനവും സംസ്ക്കാരവും വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി പുതിയ നടപടി ക്രമങ്ങളും ഉത്തരവാദിത്വങ്ങളും പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇത് എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

വൈദ്യുതി കമ്പിയിൽ തട്ടി മരണം

3274 ശ്രീ.കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കോട്ടപ്പടി സ്വദേശി ശരത്ത് ബാലൻ എന്ന യുവാവ് താഴ്ന്ന് കിടന്ന വൈദ്യുതികമ്പിയിൽ നിന്ന് ഷോക്കേറ്റ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരിച്ച യുവാവിന്റെ കുടുംബത്തിന് എന്തു നഷ്ടപരിഹാരം അനുവദിച്ചു;

(സി) ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

വൈദ്യുത ലൈനുകളിൽ അറ്റകുറ്റ പണികൾ

3275 ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ.ജി.എസ്.ജയലാൽ
,, ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ലൈനുകളിൽ അറ്റകുറ്റപണികൾ നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വ്യവസ്ഥകൾ കൃത്യമായി പാലിക്കാറില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വ്യവസ്ഥകൾ കൃത്യമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

3276 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടിന് മുകളിലൂടെ കടന്നു പോകുന്ന വൈദ്യുതി ലൈനുകൾ കെ.എസ്.ഇ.ബി.യുടെ ചെലവിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ദരിദ്ര കുടുംബങ്ങളുടെ വീടിനു മുകളിലൂടെ പോകുന്ന വൈദ്യുതി ലൈനുകൾ അപകടം സൃഷ്ടിക്കുന്ന തരത്തിൽ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ വ്യക്തികളുടെ വസ്തുവകകളുടെ മുകളിലൂടെ കടന്നു പോകുന്ന വൈദ്യുതി ലൈനുകൾ പൊതുവഴികളിലേക്ക് സർക്കാർ ചെലവിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

വൈദ്യുതി ലൈനിന്റെ കാലാവധി

3277 ശ്രീ.മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൈദ്യുതിക്കമ്പി പൊട്ടിവീണ് അടിക്കടി അപകടങ്ങൾ ഉണ്ടാകുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വൈദ്യുത ലൈനിന്റെ കാലാവധി എത്ര വർഷമാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കാലാവധി കഴിയുന്ന മുറയ്ക്ക് വൈദ്യുതി കമ്പി മാറ്റാറുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ;

(ഇ) കോർപ്പറേഷൻ , മുനിസിപ്പൽ പ്രദേശങ്ങളിൽ എങ്കിലും നിലവിലുള്ള വൈദ്യുത കമ്പികൾ മാറ്റി കേബിൾ കണക്ഷൻ നൽകാൻ അടിയന്തിര നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>എസ്.എം.എസ്. സംവിധാനം</u>

3278

ശ്രീ. വര്‍ക്കല കഹാര്‍
,, വി. ഡി. സതീശന്‍
,, ലൂഡി ലൂയിസ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി തകരാറിനെക്കുറിച്ചുള്ള പരാതികള്‍ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) ഇതിനായുള്ള എസ്.എം.എസ്. സംവിധാനം എവിടെയൊക്കെയാണ് നടപ്പാക്കിയിട്ടുള്ളത്;

(സി) ഇതിന്റെ പ്രവര്‍ത്തന രീതി എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ഡി) ഏതെല്ലാം ഏജന്‍സികളുമായി സഹകരിച്ചാണ് ആയത് നടപ്പാക്കുന്നത്;

(ഇ) ഈ സംവിധാനം സംസ്ഥാനം മുഴുവനും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ലോഡ് ഷെഡിംഗ്</u>

3279 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോഡ്ഷെഡിങ്ങ് നിലവിലുണ്ടോ ; എങ്കിൽ ഇത് എന്നാണ് ആരംഭവിച്ചതെന്നും എന്നുവരെ തടരുമെന്നും അറിയിക്കുമോ ;

(ബി) ലോഡ്ഷെഡിങ്ങ് ഏർപ്പെടുത്താനുണ്ടായ സാഹചര്യം എന്തെല്ലാമാണ് ;

(സി) ഇതിന് മുമ്പ് ഏത് വർഷമാണ് സംസ്ഥാനത്ത് ലോഡ്ഷെഡിങ്ങ് ഏർപ്പെടുത്തിയിട്ടുള്ളത് ?

**കേരള നിയമസഭ**
**14.10.2011-ലെ മറുപടിക്ക്**

എസ്.സി./എസ്.റ്റി. സെക്ടര്‍ വിഹിതം

3280 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-12 വര്‍ഷത്തില്‍ ജില്ലാതലത്തില്‍ എസ്.സി./എസ്.റ്റി. സെക്ടര്‍ വഴി എത്ര തുകയാണ് വൈദ്യുത മേഖലയില്‍ വിഹിതമായി ലഭിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി വഴി വര്‍ക്കിംഗ് ഗ്രൂപ്പിലേയ്ക്ക് നിര്‍ദ്ദേശം സമര്‍പ്പിക്കുന്നതിന് എം.എല്‍.എ. മാര്‍ക്ക് കൂടി അവസരം നല്‍കുമോ;

(സി) വോള്‍ട്ടേജ് ക്ഷാമം പരിഹരിക്കല്‍ ലൈന്‍ എക്സ്റ്റന്‍ഷന്‍, തെരുവ് വിളക്ക് സ്ഥാപിയ്ക്കല്‍ എന്നീ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടര്‍മാര്‍ക്ക് നിര്‍ദ്ദേശം നല്‍കുമോ;

(ഡി) പ്രസ്തുത പദ്ധതികള്‍ ഇപ്പോള്‍ നടപ്പിലാക്കുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി. യെ കമ്പനിയാക്കുന്ന നടപടി</u>

3281 ശ്രീ. പി.സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, വി.റ്റി. ബൽറാം
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം കെ.എസ്.ഇ.ബി.യെ കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് രജിസ്റ്റർ ചെയ്തത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ കമ്പനിയുടെ ഷെയറുകൾ സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ഇന്റർകണക്ടിവിറ്റി ലിങ്ക് ഉള്ള സബ്സ്റ്റേഷനുകൾ

3282 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സബ്സ്റ്റേഷനുകളിൽ എത്ര ഗ്രിഡിൽ നിന്നും വൈദ്യുതി എത്താനുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; രണ്ട് ഇന്റർ കണക്ടിവിറ്റി ലിങ്ക് എത്ര സബ്സ്റ്റേഷനുകളിലാണുള്ളത് ; രണ്ട് ഗ്രിഡിൽ നിന്നും വൈദ്യുതി എത്താനുള്ള സംവിധാനമുണ്ടാക്കിയാൽ, ഒരു ഗ്രിഡിൽ നിന്നും വൈദ്യുതി ലഭിക്കാതെ വന്നാൽ രണ്ടാമത്തെ ഗ്രിഡിൽ നിന്നും വൈദ്യുതി എത്തിച്ച് ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകാൻ എന്താക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 14.10.2011–ലെ മറുപടിക്ക്

<u>കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ കമ്പനിയിൽ നിന്നും വാങ്ങിയ ഇലക്ട്രിക്കൽ മീറ്ററുകൾ.</u>

3283 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ
,, എം.എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡ് കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ കമ്പനിയിൽ നിന്നു ഓരോ ഇനത്തിലും എത്ര ഇലക്ട്രിക്കൽ മീറ്ററുകൾ വാങ്ങി;

(ബി) ഓരോ മീറ്ററിനും നിശ്ചിത വില എന്തായിരുന്നു;

(സി) ഇതിന് ബോർഡ് നൽകിയ തുക എത്രയെന്ന് വിശദമാക്കുമോ;

(ഡി) കമ്പനി നൽകിയ മീറ്ററിൽ കേടായതും റിജക്ട് ചെയ്തതും ആയവ എത്ര എണ്ണം ഉണ്ടായിരുന്നു;

(ഇ) ഓരോതവണയും മടക്കിക്കൊടുത്ത മീറ്ററുകളിൽ എത്ര എണ്ണം തിരികെ തന്നിട്ടുണ്ട്;

(എഫ്) ബോർഡിനും ഉപഭോക്താക്കൾക്കും നഷ്ടം വരുത്തിയ പർച്ചേസ് ഇടപാടിനെക്കുറിച്ച് അന്വേഷണം നടത്തുമോ;

(ജി) ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ലേബലിൽ അന്യസംസ്ഥാനത്തെ സ്വകാര്യ കമ്പനിയിൽ നിന്ന് വാങ്ങിയ മീറ്ററുകളാണ് വിതരണം ചെയ്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അന്വേഷണ വിധേയമാക്കുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

## മീറ്റർ വാടക ഒഴിവാക്കുന്നതിന് നടപടി

3284 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ബില്ലിൽ നിന്നും മീറ്റർ വാടക ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നുവോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മീറ്റർ വാടക ഉൾപ്പെടുത്തിയ ബല്ലാണ് ഇപ്പോഴും ഉപഭോക്താക്കൾക്ക് നൽകുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഉപഭോക്താക്കളിൽ നിന്നും സ്ഥിരമായി മീറ്റർ വാടക വസൂലാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>മണ്ഡലതല കമ്മിറ്റികൾ</u>

3285 ശ്രീ. പി. റ്റി. എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മണ്ഡലതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഇതിന്റെ കൺവീനർ ആരാണ്?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അപകടത്തിൽപ്പെടുന്ന വൈദ്യുത തൊഴിലാളികൾക്ക് സഹായം</u>

3286 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിൽ ജോലി ചെയ്യുന്നതിനിടെ മരണപ്പെടുന്ന ലൈൻമാൻ, മറ്റ് വിഭാഗം തൊഴിലാളികൾ എന്നിവരുടെ കുടുംബത്തെ സഹായിക്കാൻ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ പൂക്കാട് വൈദ്യുതി ഓഫീസിന് കീഴിൽ ജോലി ചെയ്തിരുന്ന നടേരി കിഴക്കയിൽ സുരേഷ് 10.8.2011 ന് മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇദ്ദേഹത്തിന്റെ കുടുംബത്തെ സഹായിക്കാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ഡി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അനന്തരാവകാശികൾക്ക് തൊഴിൽ നൽകാൻ നടപടിയുണ്ടാവുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>സർവ്വീസ് വയറുകളുടെ അപര്യാപ്തത</u>

3287 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനാവശ്യമായ സർവ്വീസ് വയറുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മങ്കട മണ്ഡലത്തിലെ വിവിധ സെക്ഷനുകളിൽ വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിന് ഇത് മൂലം ബുദ്ധിമുട്ടനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടിയെടുക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കരാര്‍ തൊഴിലാളികളുടെ കുടുംബങ്ങള്‍ക്ക് നഷ്ടപരിഹാരം</u>

3288 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ ആധികാരമേറ്റെടുത്ത ശേഷം വൈദ്യുതി ലൈനില്‍ പണിയെടുത്തുകൊണ്ടിരിക്കെ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞവരില്‍ ബോര്‍ഡിലെ ഉദ്യോഗസ്ഥര്‍ എത്ര; കരാര്‍ തൊഴിലാളികള്‍ എത്ര;

(ബി) കരാര്‍ തൊഴിലാളികള്‍ മരണപ്പെട്ടാല്‍ അവരുടെ കുടുംബങ്ങള്‍ക്ക് നഷ്ടപരിഹാം നല്‍കുന്നതിന് ബോര്‍ഡില്‍ വ്യവസ്ഥയുണ്ടോ; ആരാണ് ഇവര്‍ക്ക് നഷ്ടപരിഹാം നല്‍കേണ്ടത്; ഇതിന്റെ മാനദണ്ഡമെന്താണ്; കരാറുകാര്‍ നഷ്ടപരിഹാരം നല്‍കേണ്ട സ്ഥിതിയുണ്ടോ; അതല്ലെങ്കില്‍, ഇന്‍ഷ്വറന്‍സ് കമ്പനികള്‍ മുഖേന നഷ്ടപരിഹാരം നല്‍കുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) വൈദ്യുതി ബന്ധം ഓഫാക്കി ലൈനില്‍ പണിയെടുക്കുമ്പോള്‍ വൈദ്യുതി പ്രവാഹം ഉണ്ടാകാനുളള സാഹചര്യം വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി ബന്ധം ഓഫാക്കുമ്പോള്‍ വീടുകളിലും മറ്റ് സ്ഥാപനങ്ങളിലുമുളള ജനറേറ്ററുകള്‍ പ്രവര്‍ത്തിക്കുന്നത് വഴി വൈദ്യുതി ബാക്ക് ഫീഡ് ചെയ്ത് ലൈനില്‍ പ്രവാഹം ഉണ്ടായി മരണം സംഭവിക്കാന്‍ സാദ്ധ്യതയുണ്ടോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>മോഡൽ സെക്ഷൻ</u>

3289 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 199899 കാലയളവിൽ ടാസ്ക് ഫോഴ്സ് ശുപാർശ പ്രകാരം നടത്തിയ പരിഷ്കാരത്തിൽ എത്ര ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ മോഡൽ സെക്ഷനുകളാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സെക്ഷനിൽ പ്രസ്തുത പരിഷ്ക്കാരം നടപ്പാക്കാനുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന പ്രസ്തുത മോഡൽ സെക്ഷന്റെ പോരായ്മകൾ ഏതെങ്കിലും സംഘടനകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) മോഡൽ സെക്ഷനുകളെക്കുറിച്ച് ഉന്നയിക്കപ്പെട്ടിട്ടുളള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം

3290 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ, അത്തോളി ഉളളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട എന്നീ പഞ്ചായത്തുകളിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്;

(ബി) മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

നേമം മണ്ഡലത്തിൽ പുതിയ പദ്ധതികൾ

3291 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മപരിപാടിയിലൂടെ നേമം നിയോജകമണ്ഡലത്തിൽ ഊർജ്ജ വകുപ്പ് ഏതെങ്കിലും പുതിയ പദ്ധതികളോ പരിപാടികളോ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) മുൻസർക്കാർ നേമം നിയോജകമണ്ഡലത്തിൽ തുടങ്ങിവച്ച എത്ര പദ്ധതികളാണ് ഈ സർക്കാർ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയത് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>തീരദേശ മേഖലകളിലെ വോൾട്ടേജ് ക്ഷാമം</u>

3292 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പട്ടണക്കാട് ഡിവിഷനിൽ ഏതെങ്കിലും തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്താൻ നടപടി സ്വീകരിക്കുമോ;

(ബി) അന്ധകാരനഴിയടക്കമുള്ള തീരദേശ മേഖലയിൽ സുനാമി പാക്കേജിൽ ഉൾപ്പെടുത്തി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏതു ഘട്ടം വരെയായി എന്നു വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; കടലോര മേഖലകളിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ എന്ത് നടപടി കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ചേർത്തല തീരപ്രദേശങ്ങളിൽ നൽകിയ പുതിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>നേമം മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം</u>

3293 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കാലവിളംബം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം</u>

3294

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പദ്ധതി ആരംഭിച്ചതു മുതൽ എത്ര പേർക്ക് പുതിയ കണക്ഷൻ നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയ്ക്ക് ആവശ്യമായ മെറ്റീരിയൽസിന്റെ ക്ഷാമം ഇപ്പോൾ അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ബാക്കിയുള്ള കണക്ഷനുകൾ കൂടി നൽകി മലപ്പുറം ഒരു സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി എന്ന് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>മഞ്ഞനക്കാട് ദ്വീപ് നിവാസികൾക്ക് വൈദ്യുതി</u>

3295 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ മഞ്ഞനക്കാട് ദ്വീപിൽ തടസ്സം കൂടാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് വൈദ്യുതി ബോർഡ് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**14.10.2011-ലെ മറുപടിക്ക്**

താനൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

3296 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ താനൂർ നിയോജക മണ്ഡലത്തിലെ സമ്പൂർണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനകം മണ്ഡലത്തിൽ എത്ര വീടുകൾ വൈദ്യുതീകരിച്ചു;

(സി പദ്ധതിക്കായി ഇതിനകം മൊത്തം എത്ര രൂപ ചെലവഴിച്ചു; ഇതിൽ സർക്കാർ വിഹിതം, എം.എൽ.എ .യുടെ പ്രാദേശിക വികസന ഫണ്ടിന്റെ വിഹിതം എന്നിവ എത്ര രൂപ വീതമാണ്;

(ഡി) പദ്ധതിക്കായി സുനാമി പുനരധിവാസ പദ്ധതി വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവ യഥാക്രമം എത്ര രൂപ വീതം ലഭിച്ചു;

(ഇ) പദ്ധതി ലക്ഷ്യമിട്ട വീടുകളിൽ വൈദ്യുതീകരണം പൂർത്തിയാക്കാൻ കഴിയാത്തവയായി ബാക്കിയുണ്ടോ; എങ്കിൽ എത്ര വീടുകൾ; ഇവ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(എഫ്) താനൂർ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാൻ എന്നത്തേയ്ക്ക് കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ധര്‍മ്മടം മണ്ഡലത്തില്‍ സമ്പൂര്‍ണ്ണ വൈദ്യുതീകരണം

3297

ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് സമ്പൂര്‍ണ്ണ വൈദ്യുതീകരണം നടത്താനുള്ളത്;

(ബി) ഈ പഞ്ചായത്തുകളില്‍ എന്ന് വൈദ്യുതീകരണം പൂര്‍ത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കരുവന്നൂർ വലിയപാലത്തിലെ വഴിവിളക്കുകൾ</u>

3298 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിലെ കരുവന്നൂർ വലിയപാലത്തിൽ വഴിവിളക്കുകൾ ഇല്ലാത്തത് മൂലം യാത്രക്കാർക്ക് അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവിടെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കോങ്ങാട് വൈദ്യുതീകരണം</u>

3299 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ പുതിയതായി രൂപീകരിച്ച കോങ്ങാട് മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അങ്കമാലിയിൽ ഇലക്ട്രിക്കൽ ഡിവിഷൻ</u>

3300 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ ഇലക്ട്രിക്കൽ ഡിവിഷൻ ആരംഭിക്കുവാനുള്ള കെ. എസ്. ഇ. ബി.യുടെ പ്രപ്പോസലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള 80000 ഓളം വരുന്ന നിവാസികളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അങ്കമാലിയിൽ ഇലക്ട്രിക്കൽ ഡിവിഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ബാലുശ്ശേരിയിലെ 33 കെ. വി. സബ് സ്റ്റേഷൻ

3301 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 മാസത്തിനുള്ളിൽ ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളേര്യരി 110 കെ. വി. സബ് സ്റ്റേഷനിലേയ്ക്കുള്ള പ്രധാന ലൈനിൽ എത്ര തവണ വൈദ്യുതി തടസ്സമുണ്ടായിട്ടുണ്ട്;

(ബി) കഴിഞ്ഞ 3 മാസത്തിനുള്ളിൽ ഉള്ളേര്യരി 110 കെ. വി. സബ് സ്റ്റേഷനിൽ നിന്നും ബാലുശ്ശേരിയിലേയ്ക്കുള്ള 33 കെ. വി. ലൈനിൽ എത്ര തവണ വൈദ്യുതി തടസ്സമുണ്ടായിട്ടുണ്ട്;

(സി) ബാലുശ്ശേരിയിലെ 33 കെ. വി. സബ് സ്റ്റേഷൻ പരിപാലിക്കുന്നതിന് എത്ര ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്;

(ഡി) ഇതിൽ വൈദ്യുതി ബോർഡിലെ സ്ഥിരം ജീവനക്കാർ എത്രയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കിനാലൂർ വ്യവസായ കേന്ദ്രത്തിലെ വൈദ്യുതി സബ് സ്റ്റേഷൻ</u>

3302 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് കെ. എസ്. ഐ. ഡി. സി. എത്ര തുക കെ. എസ്. ഇ. ബി.യ്ക്ക് നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് എന്ത് പ്രവൃത്തിയാണ് നടത്തുന്നത്;

(സി) വ്യവസായ കേന്ദ്രത്തിന് സമീപത്തുകൂടി കടന്നുപോകുന്ന കക്കയം - ചേവായൂർ 220 കെ. വി. ലൈനിനോട് ചേർന്ന് കെ. എസ്. ഐ. ഡി. സി. ലഭ്യമാക്കിയ ഭൂമിയിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുക വിനിയോഗിച്ച് കേവലം 11 കെ. വി. ലൈൻ മാത്രം വലിക്കുക എന്ന നിർദ്ദേശം പുനഃപരിശോധിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കവലയൂർ സബ് എഞ്ചിനീയറുടെ സേവനം നിർത്തലാക്കിയ നടപടി</u>

3303 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വക്കം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ കവലയൂരിലുണ്ടായിരുന്ന സബ് എഞ്ചിനീയറുടെ സേവനം നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒറ്റൂർ, മണമ്പൂർ, ചെറുന്നിയൂർ എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് ഏറെ പ്രയോജനകരമായിരുന്ന പ്രസ്തുത ഓഫീസറുടെ സേവനം നിർത്തലാക്കാനുള്ള കാരണം എന്തായിരുന്നു;

(സി) ഇത് മൂലം പ്രസ്തുത പ്രദേശത്ത് ഉപഭോക്താക്കൾക്ക് നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) സബ് എഞ്ചിനീയറുടെ സേവനത്തോട് കൂടി 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന പ്രസ്തുത ഓഫീസിന്റെ പ്രവർത്തന സമയം ചുരുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ആഫീസ് 24 മണിക്കൂറും പ്രവർത്തനം ലഭ്യമാക്കുന്ന തരത്തിൽ പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>ആലംകോട് സെക്ഷൻ ആഫീസ്</u>

3304 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലംകോട് കേന്ദ്രമാക്കി ഒരു സെക്ഷൻ ആഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആഫീസ് ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ലോഡ്ഷെഡിംഗ്

3305 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇപ്പോൾ പകൽസമയത്ത് ഉൾപ്പെടെ ലോഡ്ഷെഡിംഗ് ഏർപ്പെടുത്തുന്നതിന് കാരണമായ സാഹചര്യമെന്തെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

മഞ്ചേരി സൗത്ത് സെക്ഷൻ ഓഫീസ്

3306 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈദ്യുതി വകുപ്പിനു കീഴിലെ മഞ്ചേരി സൗത്ത് സെക്ഷൻ ഓഫീസ് വിഭജിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കൊടുവള്ളി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ്</u>

3307 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ ഏതെല്ലാം സെക്ഷൻ ഓഫീസുകൾ ഉൾപ്പെടുന്നതാണ്;

(ബി) ഉപഭോക്താക്കളുടെ ബാഹുല്യംകാരണം ഈ ഡിവിഷനിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനായി ബാലുശ്ശേരി ഡിവിഷൻ ഓഫീസ് വിഭജിച്ച് കൊടുവള്ളി കേന്ദ്രീകരിച്ച് ഒരു ഡിവിഷൻ ഓഫീസ് രൂപീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യില്‍ പുതിയ സെക്ഷന്‍ ഓഫീസുകള്‍</u>

3308 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം കെ.എസ്.ഇ.ബി.യില്‍ പുതിയ സെക്ഷന്‍ ഓഫീസുകള്‍ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ എവിടെയെല്ലാം പുതിയ സെക്ഷന്‍ ഓഫീസുകള്‍ ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) മഞ്ചേരി നോര്‍ത്ത് സെക്ഷന്‍ വിഭജിച്ച് പൂക്കൊളത്തൂര്‍ ആസ്ഥാനമായി പുതിയ സെക്ഷന്‍ ആഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ പുല്‍പ്പറ്റ പഞ്ചായത്തിലെ പൂക്കൊളത്തൂര്‍ കേന്ദ്രമാക്കി പുതിയ സെക്ഷന്‍ ഓഫീസ് ആരംഭിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ചമ്പന്നൂർ വ്യവസായ മേഖലയോട് ചേർന്ന് റിപ്പയറിംഗ് യൂണിറ്റും വൈദ്യുത ടെസ്റ്റിംഗ് ലാബും</u>

3309 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ചമ്പന്നൂർ വ്യവസായ മേഖലയോട് ചേർന്ന് കെ. എസ്. ഇ. ബി.യുടെ ട്രാൻസ്മിഷൻ സ്റ്റോർ പ്രവർത്തിക്കുന്ന 16 ഏക്കറോളം വരുന്ന സ്ഥലം ഉപയോഗയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിലെ നൂറുകണക്കിന് സബ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്ന സി. റ്റി., പി. റ്റി., സി. വി. റ്റി. തുടങ്ങിയ ഉപകരണങ്ങൾ റിപ്പയറിംഗ് ചെയ്യുന്നതിനുള്ള റിപ്പയറിംഗ് യൂണിറ്റും വൈദ്യുതോപകരണങ്ങൾ ടെസ്റ്റ് ചെയ്യുന്നതിനായി ആധുനിക ടെസ്റ്റിംഗ് ലാബും ഈ സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് എൻ.ഐ.ടി.യിൽ സബ് സ്റ്റേഷൻ</u>

3310 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോവൂർ സെക്ഷന് കീഴിൽ ഇപ്പോൾ എത്ര വൈദ്യുതി ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സെക്ഷൻ വിഭജിച്ച് പൂവാട്ടുപറമ്പ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) കോഴിക്കോട് എൻ.ഐ.ടി.യിൽ സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ഡി) വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പെരുനാട് 33 കെ.വി. സബ്സ്റ്റേഷൻ</u>

3311 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുനാട് 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; ഇതിന്റെ നിർമ്മാണത്തിന് എത്ര രൂപയുടെ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതേ വരെ എന്തൊക്കെ നിർമ്മാണങ്ങളാണ് ഇവിടെ പൂർത്തിയാക്കിയിട്ടുള്ളത്; ഇതിന് ചെലവായ തുക എത്രയാണ്; ഇനിയും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്; നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ; എന്തൊക്കെ നടപടികളാണ് നിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

പിലാത്തറ കേന്ദ്രമായി വൈദ്യുതി സെക്ഷൻ ഓഫീസ്

3312 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടി വൈദ്യുതി സെക്ഷൻ ഓഫീസിന്റെ പരിധിയിൽ എത്ര ഉപഭോക്താക്കൾ നിലവിലുണ്ട്;

(ബി) കണ്ണൂർ ജില്ലയിലെ മാതമംഗലം വൈദ്യുതി സെക്ഷൻ ഓഫീസിൽ എത്ര ഉപഭോക്താക്കൾ നിലവിലുണ്ട്;

(സി) പ്രസ്തുത വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ എത്തിച്ചേരാൻ അകലെ താമസിക്കുന്ന ഉപഭോക്താക്കൾക്ക് 10 കിലോമീറ്ററിലധികം സഞ്ചരിക്കണമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വൈദ്യുതി സെക്ഷൻ ഓഫീസ് പുതുതായി ആരംഭിക്കാൻ എന്തൊക്കെ നടപടിക്രമങ്ങളാണുള്ളത്; വിശദാംശം നൽകാമോ;

(ഇ) പഴയങ്ങാടി, മാതമംഗലം വൈദ്യുതി സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പിലാത്തറ കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

## മുളവുകാട് സെക്ഷൻ ഓഫീസ്

3313 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ മാലിപ്പുറം സെക്ഷനു കീഴിൽ എത്ര കൺസ്യൂമേഴ്സ് ഉണ്ട്;

(ബി) ബോർഡ് വ്യവസ്ഥ അനുസരിച്ച് എത്ര പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് ഒരു സെക്ഷൻ ഓഫീസ്;

(സി) ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്തും, ഉപഭോക്താക്കളുടെ എണ്ണം പരിഗണിച്ചും മുളവുകാട് ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

പേരാമ്പ്ര സെക്ഷൻ ഓഫീസ് പ്രവർത്തനം

3314 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ പുതുതായി അനുവദിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

അനെർട്ടിലെ ഡയറക്ടർ തസ്തിക

3315 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനെർട്ട് ഡയറക്ടർ തസ്തികയിൽ നിയമനത്തിനായി പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ നിഷ്ക്കർഷിച്ചിരിക്കുന്ന യോഗ്യത എന്താണ്;

(ബി) പ്രസ്തുത യോഗ്യത നിശ്ചയിക്കാനായി രൂപീകരിച്ച സമിതിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(സി) ഈ അംഗങ്ങളിൽ ആരെങ്കിലും ഇതേ തസ്തികയിലേക്ക് അപേക്ഷകരായി രംഗത്തുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇത്തരം അപേക്ഷകൾ ക്രമപ്രകാരമാണോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

## വൈദ്യുതി ബോർഡിലെ ജീവനക്കാർ

3316

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ സാങ്കേതികവും ഇതരവുമായ എത്ര ജീവനക്കാർ ഇപ്പോൾ ഉണ്ട്;

(ബി) ഇവരുടെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കുമായി പ്രതിമാസം എത്ര രൂപ വേണ്ടിവരുന്നുണ്ട്;

(സി) ബോർഡിൽ താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ എത്ര പേർ;

(ഡി) വൈദ്യുതി വിൽക്കുന്നതിലൂടെയും മറ്റിതര മാർഗ്ഗങ്ങളിലൂടെയും ഇലക്ട്രിസിറ്റി ബോർഡിന് പ്രതിമാസം എന്തു വരുമാനമാണ് ലഭിക്കുന്നത്;

(ഇ) പെൻഷൻ പറ്റിയ ജീവനക്കാർ ഇപ്പോഴും ബോർഡുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുണ്ടോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി.യിലെ സ്റ്റാഫ് പാറ്റേൺ

3317 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഉപഭോക്താക്കളുടെ എണ്ണമനുസരിച്ച് നിലവിലുള്ള ജീവനക്കാരുടെ അനുപാതത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഉപഭോക്താക്കളുടെ വർദ്ധനവനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാത്തതിനാൽ സേവനം ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുകയും ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുകയും ചെയ്യുന്ന കാര്യം പരിഗണിക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി. ഓഫീസർമാരുടെ വേതന പരിഷ്ക്കരണം</u>

3318

ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഓഫീസർമാരുടെ വേതനപരിഷ്ക്കരണം സംബന്ധിച്ചുള്ള തീരുമാനം ബോർഡ് മാനേജ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ബോർഡ് മാനേജ്മെന്റിൽ സർക്കാർ പ്രതിനിധികളും മറ്റുള്ളവരും ആരൊക്കെയായിരുന്നു ;

(സി) ഊർജ്ജ വകുപ്പ് സെക്രട്ടറിയും ധനകാര്യ വകുപ്പ് സെക്രട്ടറിയും ഉൾപ്പെടെയുള്ള മാനേജ്മെന്റ് പ്രതിനിധികൾ അംഗീകരിച്ച വേതന പരിഷ്ക്കരണത്തിന് സർക്കാർ അനുമതി നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ:

(ഡി) ഇതിന് അടിയന്തിര പരിഹാരം കാണാൻ നടപടിയെടുക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

## മസ്ദൂര്‍ തസ്തികയിലെ ഒഴിവുകള്‍

3319 ശ്രീ. തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൃശൂര്‍ ജില്ലയില്‍ മസ്ദൂര്‍ തസ്തികയില്‍ എത്ര ഒഴിവുകള്‍ ഉണ്ടെന്നും അതില്‍ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ബി) ലൈന്‍മാന്‍ തസ്തികയിലേക്കുള്ള പ്രൊമോഷന്‍ അടിയന്തിരമായി നടത്തുന്നതിനും തല്‍ഫലമായി ഉണ്ടാകുന്ന ഒഴിവുകളില്‍ മസ്ദൂര്‍മാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) മസ്ദൂര്‍മാരുടെ ജോലിഭാരം കണക്കിലെടുത്ത് പ്രസ്തുത വിഭാഗത്തില്‍ കൂടുതല്‍ തസ്തിക സൃഷ്ടിക്കാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയിലെ മസ്ദൂര്‍ നിയമനം</u>

3320 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ കെ.എസ്.ഇ.ബി. മസ്ദൂര്‍ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്; ഇതില്‍ നിന്നും എത്ര പേര്‍ക്ക് നിയമനം നല്‍കിയിട്ടുണ്ട്;

(ബി) ജില്ലയില്‍ പ്രസ്തുത തസ്തികയില്‍ എത്ര ഒഴിവുകള്‍ ഉണ്ട്; വിശദാംശങ്ങള്‍ അറിയിക്കാമോ;

(സി) ഒഴിവുള്ള തസ്തികയില്‍ നിയമനം നല്‍കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങള്‍ അറിയിക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

സെയ്ഫ്റ്റി ഓഫീസർമാരുടെ നിയമനം

3321 ശ്രീ. കെ. അച്ചുതൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അപകടങ്ങൾ തടയുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് വൈദ്യുതി ബോർഡ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) അപകടങ്ങൾ തടയുന്നതിനുവേണ്ടി ബോർഡിൽ സെയ്ഫ്റ്റി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള യോഗ്യതകൾ എന്തെല്ലാമാണ്; ആയതിന്റെ നിയമനരീതികൾ വ്യക്തമാക്കുമോ;

(സി) ആദ്യഘട്ടത്തിൽ എവിടെയാണ് പ്രസ്തുത ജീവനക്കാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് കെ. എസ്. ഇ. ബി.യിലെ ഒഴിവുകള്‍</u>

3322 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ കെ. എസ്. ഇ. ബി.യുടെ വിവിധ ഓഫീസുകളില്‍ വിവിധ തസ്തികളിലായി എത്ര ഒഴിവുകള്‍ ഉണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(ബി) ഈ ഒഴിവുകള്‍ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>പെൻഷൻ ആനുകൂല്യങ്ങൾ</u>

3323 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിൽ വയനാട് കെ.എ.പി. ഡിവിഷനിൽ നിന്നും റിട്ടയർ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ശ്രീ. ടി.സി. ജോസിന്റെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാനുള്ളതു സംബന്ധിച്ച് പരാതി ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥന് അർഹമായ പെൻഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥന് പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011–ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റെയിൽ പദ്ധതി</u>

3324 ശ്രീ. എസ്. ശർമ്മ
,, സാജു പോൾ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും അന്തിമ തീരുമാനം ലഭിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയ്ക്ക് എന്തെല്ലാം അനുമതികളാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ടതായിട്ടുള്ളതെന്നും , ഇതിനകം ലഭിച്ചിട്ടുള്ളത് എന്താണെന്നും വിശദമാക്കാമോ ;

(സി) ഈ വർഷത്തേക്ക് കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകരിച്ച വാർഷിക പദ്ധതിയിൽ കൊച്ചി മെട്രോ റെയിൽവേ പദ്ധതിക്ക് തുക വകയിരുത്തുയിട്ടുണ്ടോ ;

(ഡി) പദ്ധതിയുടെ കാര്യത്തിൽ കേന്ദ്ര ധനകാര്യവകുപ്പ് സംസ്ഥാന സർക്കാരിനെ എന്താണ് അറിയിച്ചിട്ടുള്ളത് ;

(ഇ) പദ്ധതിയുമായി ബന്ധപ്പെട്ട ഏറ്റവും ഒടുവിലത്തെ സ്ഥിതി സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

റെയിൽവേ സ്റ്റേഷൻ വികസനം

3325 ശ്രീ. എ. കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റെയിൽവേ വികസനം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി സംസ്ഥാന സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുമെന്നുള്ള കേന്ദ്ര റെയിൽവെ ബഡ്ജറ്റിലെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇന്ത്യയിൽ ഏതെങ്കിലും റെയിൽവേസ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിൽ ഉള്ളതായി അറിയാമോ ;

(ഇ) മേല്പറഞ്ഞ റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം - മംഗലപുരം അതിവേഗ റെയിൽ പാത</u>

3326 ശ്രീ. സി. ദിവാകരൻ
,, ഇ. കെ. വിജയൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-മംഗലപുരം അതിവേഗ റെയിൽപാതയ്ക്കുവേണ്ടി എത്രകോടി രൂപയുടെ മുതൽ മുടക്കാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ചുമതല ആർക്കാണ്; ഇതിനായി കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്പനി ഏതാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായുള്ള സ്ഥലം ഏറ്റെടുക്കൽ, നടപ്പാക്കൽ എന്നിവ സംബന്ധിച്ച് എന്തെല്ലാം ശുപാർശകളാണ് പഠന റിപ്പോർട്ടിലുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എത്ര സമയംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

കേന്ദ്ര റെയിൽവെ മന്ത്രിക്കു സമർപ്പിച്ച നിർദ്ദേശങ്ങൾ

3327 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കേന്ദ്ര റെയിൽവെ മന്ത്രിക്കു മുമ്പാകെ എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം കാര്യങ്ങൾക്ക് കേന്ദ്രം അംഗീകാരം നൽകി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ഗുരുവായൂർ -തിരുനാവായ റെ◌ിയിൽ ലൈൻ

3328 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ-തിരുനാവായ റെയിൽവേ ലൈനിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം ഭാഗങ്ങളിലാണ് സർവ്വേ ജോലി പൂർത്തിയായിട്ടുള്ളത്;

(സി) ശേഷിക്കുന്ന ഭാഗങ്ങളിൽ സർവ്വേ നടപടികൾ പൂർത്തിയാക്കാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ്;

(ഡി) ഗുരുവായൂർ-തിരുനാവായ റെയിൽവേ ലൈനിന്റെ വർദ്ധിച്ച പ്രാധാനം കണക്കിലെടുത്ത് സർവ്വേ നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതിനും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ട്രെയിനിൽ വനിതകളുടെ സുരക്ഷയ്ക്കുള്ള നടപടി</u>

3329 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രെയിനിൽ വനിതാ യാത്രക്കാർക്കായി എന്തൊക്കെ സുരക്ഷാ ക്രമീകരണങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്നു വെളിപ്പെടുത്താമോ ;

(ബി) വനിതാ ബോഗി ട്രെയിനിന്റെ മദ്ധ്യഭാഗത്തേക്ക് മാറ്റുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും തീരുമാനമുണ്ടായിട്ടുണ്ടോ ;

(സി) റെയിൽവേ സ്റ്റേഷനിലും ട്രെയിനിലും വനിതാ പോലീസിനെ കൂടുതലായി നിയമിക്കുമോ;

(ഡി) റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിനെ (ആർ.പി.എഫ്) കൂടുതലായി ലഭ്യമാക്കാൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>റെയിൽവേ ഓവർ ബ്രിഡ്ജ്</u>

3330 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി-പഴയങ്ങാടി റൂട്ടിൽ താവം റെയിൽവേഗേറ്റിൽ (ലെവൽ ക്രോസ്-257) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് റെയിൽവേമന്ത്രാലയവുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിയ്ക്കുമോ ;

(സി) ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം എന്ന് തുടങ്ങാനാവുമെന്ന് അറിയാമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>തീവണ്ടി സമയത്തിൽ മാറ്റം</u>

3331 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ - തിരുവനന്തപുരം ഇന്റർസിറ്റി എക്സ്പ്രസ് ട്രെയിൻ ഗുരുവായൂരിൽ നിന്നും രാവിലെ യാത്രക്കാർക്ക് അസൗകര്യമുള്ള സമയത്താണ് പുറപ്പെടുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാവിലെ ഗുരുവായൂർ അമ്പലദർശനം കഴിഞ്ഞു വരുന്ന ഭക്തരുടെയും, തിരുവനന്തപുരം ഭാഗത്തേക്കുള്ള മറ്റു യാത്രക്കാരുടെയും സൗകര്യാർത്ഥം ഇന്റർസിറ്റി എക്സ്പ്രസ് ഗുരുവായൂരിൽ നിന്നും രാവിലെ 4 മണിയ്ക്കും 5 മണിയ്ക്കും ഇടയിൽ പുറപ്പെടുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട്</u>

3332 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റെയിൽവേ അണ്ടർപാസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയാമോ; എങ്കിൽ നിർമ്മാണപ്രവർത്തനങ്ങൾ എന്നേക്ക് തുടങ്ങാൻ കഴിയും എന്നറിയിക്കാമോ;

(ബി) ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ ട്രെയിനുകൾ ഏറെ സമയം പിടിച്ചിടുന്നതിനാലും വേഗത കുറവായതിനാലും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

കേന്ദ്രത്തിന് സമർപ്പിച്ച റെയിൽവേ ആവശ്യങ്ങൾ

3333 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, പി. ശ്രീരാമകൃഷ്ണൻ
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം നിരന്തരമായി ആവശ്യപ്പെടുന്ന ഓരോ റെയിൽപ്പാതയുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കേന്ദ്രമന്ത്രിയുമായുള്ള ചര്‍ച്ച</u>

3334 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളം സന്ദര്‍ശിച്ച കേന്ദ്ര റെയില്‍വേ വകുപ്പ് മന്ത്രിയുടെ സംഘത്തില്‍ ആരെല്ലാമായിരുന്നുവെന്നും അവലോകന യോഗത്തില്‍ ആരെല്ലാമാണ് പങ്കെടുത്തതെന്നും വെളിപ്പെടുത്തുമോ ;

(ബി) അവലോകന യോഗത്തില്‍ പുതുതായി ഏതൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചതെന്നും നിലവിലുള്ള പദ്ധതികളില്‍ ഏതൊക്കെ എന്നത്തേക്ക് പൂര്‍ത്തീകരിക്കാന്‍ കഴിയുമെന്നാണ് യോഗത്തില്‍ തീരുമാനമായതെന്ന് വെളിപ്പെടുത്തുമോ ?